**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Shaji Clement)

സംഗ്രഹം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - ഡ്രൈവർ (മുൻ ഗ്രാമവികസന വകുപ്പ്) തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ: LSGD/PD/46312/2023-DEE5 , തീയതി:01-04-2026**

പരാമർശം:
1) ജി.ഒ (പി) 27/2021/ധന നമ്പർ ഉത്തരവ്.
2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/07/2023 തീയതിയിലെ LSGD/PD/18579/2023-GEA2 നമ്പർ ഉത്തരവ്.
3) 16.03.2024 ലെ സ.ഉ.(കൈ) നം.46/2024/LSGD നമ്പർ.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ (മുൻ ഗ്രാമ വികസന) വകുപ്പ് ഡ്രൈവർ തസ്തികയിലെ വിരമിക്കൽ മുഖേന ഡ്രൈവർ സീനിയർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുള്ളതാണ്. ടി ഒഴിവിലേക്ക് പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ പറയും പ്രകാരം അർഹതയുള്ള ജീവനക്കാർക്ക് കോളം 5 ൽ പറയുന്ന തീയതി പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

ചുവടെ പറയുന്ന ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലെ ജീവനക്കാരന് ടിയാന്റെ നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 31100-66800 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചും, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു .

**പട്ടിക -1**

| **ഡ്രൈവർ സീനിയർ ഗ്രേഡ് (ശമ്പള സ്കെയിൽ 31100-66800)** | | | | | |
|---|---|---|---|---|---|
| ക്രമ. നം | സീനിയോറിറ്റി പട്ടികയിലെ ക്രമ .നം | ജീവനക്കാരന്റെ പേര് & നിലവിലെ തസ്തിക | നിലവിലെ സ്റ്റേഷൻ & ജില്ല | പ്രൊമോഷൻ അനുവദിക്കുന്ന പ്രാബല്യ തീയതി | വിരമിക്കൽ തീയതി |
| 1. | 29 | ഷിബു സി. എൻ ഡ്രൈവർ ഗ്രേഡ്-1 | അഗളി ഗ്രാമ പഞ്ചായത്ത്, പാലക്കാട് | 01/02/2026 | 31/03/2026 |

മേൽ പട്ടിക പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകിയതിനെ തുടർന്ന് ഡ്രൈവർ ഗ്രേഡ്-1 തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് ചുവടെ പറയുന്ന ഡ്രൈവർ ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരന് ടിയാന്റെ നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 27900 - 63700 രൂപ

ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ്-1 തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

പട്ടിക -2

| ഡ്രൈവർ ഗ്രേഡ് -1 (ശമ്പള സ്കെയിൽ 27900-63700) | | | | | |
|---|---|---|---|---|---|
| ക്രമ. നം | സീനിയോറിറ്റി പട്ടികയിലെ ക്രമ .നം | ജീവനക്കാരന്റെ പേര് & നിലവിലെ തസ്തിക | നിലവിലെ സ്റ്റേഷൻ & ജില്ല | പ്രൊമോഷൻ അനുവദിക്കുന്ന പ്രാബല്യ തീയതി | വിരമിക്കൽ തീയതി |
| 1. | 40 | RAJITH P R, ഡ്രൈവർ ഗ്രേഡ്-2 | മുളംതുരുത്തി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം | 01/02/2026 | 31.05.2047 |

പട്ടിക (2) ൽ ഉൾപ്പെടുത്തി ഗ്രേഡ് - 1 തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച ജീവനക്കാരനെ പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 1 (എൻ) ലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ ആയിട്ടായിരിക്കും പരിഗണിക്കുക. ഇപ്പോൾ നിലനിർത്തിയിട്ടുള്ള സ്റ്റേഷൻ 2026-ലെ പൊതു സ്ഥലമാറ്റത്തിൽ (GENERAL TRANSFER) പുനഃപരിശോധിക്കുന്നതായിരിക്കും. നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും, അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്ക് KSR ഭാഗം -1 ലെ ചട്ടം 23 പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

മേൽ റേഷ്യോ പ്രൊമോഷൻ നൽകിയതിനെ തുടർന്ന് എൻട്രി കേഡർ തസ്തികയിൽ ആനുപാതികമായി ഉണ്ടായിട്ടുള്ള ഒഴിവ് പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്നും ബന്ധപ്പെട്ട ജില്ല ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകുന്നതാണ്. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ ബന്ധപ്പെട്ട ജില്ല ജോയിന്റ് ഡയറക്ടർമാർ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി ആനുപാതിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ആനുപാതിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്.

Shaji Clement
**ADDITIONAL DIRECTOR**

പകർപ്പ് :
1. ബന്ധപ്പെട്ട ജീവനക്കാർക്ക്. (നിയന്ത്രണാധികാരി മുഖേന)
2. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് .
3. ബന്ധപ്പെട്ട ഓഫീസ് മേധാവിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
4. സൂപ്രണ്ട്,GEA സെക്ഷൻ.

5. സൂപ്രണ്ട് , IT സെക്ഷൻ.(വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Shaji Clement
Date: 01-04-2026 15:03:59